(1)

ഉള്ളൂർക്കവിതയെ വിലയിരുത്തേണ്ടതു് ഉള്ളൂർക്കവിതയിൽ നിന്നു് ഉരുത്തിരിഞ്ഞ മാനദണ്ഡങ്ങൾ ഉപയോഗിച്ചായിരിക്കണം.

# ഉള്ളൂർ സാഹിത്യപഠനത്തിന്നു് ഒരു ആമുഖം

എൻ. വി. കൃഷ്ണവാരിയർ

*മലയാള കവിതയിൽ ആധുനികയുഗം ഉൽഘാടനം ചെയ്ത മൂന്നു മഹാകവികളും ജനിച്ചതു് പത്തൊമ്പതാം നൂററാണ്ടിന്റെ എട്ടാം ദശകത്തിലായിരുന്നു—ആശാൻ 1873–ൽ; ഉള്ളൂർ 1877–ൽ; വള്ളത്തോൾ 1878–ൽ. ഈ കാലമാവുമ്പോഴേയ്ക്കു് യൂറോപ്യൻ സാഹിത്യങ്ങളിൽ കാല്പനിക (റൊമാൻറിക്) പ്രസ്ഥാനം ഏതാണ്ടു പൂർണ്ണമായും വേലിയിറങ്ങിക്കഴിഞ്ഞിരുന്നു. കവിതയിൽ വസ്തുനിഷ്ഠമായ ബാഹ്യയാഥാർത്ഥ്യത്തിൽ നിന്നു്, കവിയുടെ വ്യക്തിനിഷ്ഠങ്ങളായ വികാരങ്ങളുടെയും അനുഭൂതികളുടേയും ആന്തരയാഥാർത്ഥ്യത്തിലേക്കു് ഊന്നൽ മാറിയതാണല്ലോ കാല്പനിക പ്രസ്ഥാനത്തിന്റെ ഉദയത്തിന്നു കാരണമായതു്. ഈ പ്രസ്ഥാനത്തിന്റെ അപചയത്തിന്നു കാരണമായതും ഊന്നലിൽ വന്ന ഇതേ മാററമല്ലാതെ മറെറാന്നുമായിരുന്നില്ല. കവിതയുടെ മുഖ്യവിഷയം കവിയുടെ അനന്യാദൃശമായ (unique) വ്യക്തിത്വമാണെന്നു വന്നതോടെ സാഹിത്യത്തിൽ സർവ്വാംഗീകൃതങ്ങളായ മാനകങ്ങൾ (സ്റ്റാൻഡേർഡുകൾ) ക്കു് സ്ഥാനമില്ലെന്നായി. ഈ അമാനകീകരണം (destandardisation) സാഹിത്യത്തിന്റെ അതിരുകളെ പരമാവധി വികസിപ്പിക്കുകയും, വികാരത്തിന്റെയും അവബോധത്തിന്റെയും തലങ്ങളിൽ സാഹിത്യത്തെ ജീവിതവുമായി കൂട്ടിയിണക്കുകയും, അങ്ങിനെ സാഹിത്യത്തിന്റെ സമഗ്രമായ കായാകല്പത്തിന്നു വഴിയൊരുക്കുകയും ചെയ്തു.

* ഈ പ്രബന്ധത്തിന്റെ ആദ്യഭാഗം ഈ ലേഖകൻ കേരള സർവ്വകലാശാലയിൽ ചെയ്ത 1977–ലെ വള്ളത്തോൾ സ്മാരകപ്രസംഗപരമ്പരയിൽ നിന്നെടുത്തതാണു്.

എന്നാൽ, പ്രതിഭാനുഗൃഹീതരുടെ കൈകളിൽ സ്വാതന്ത്ര്യമായി ഉയരുന്നതെന്തോ അതു തന്നെ വിവേചനശക്തിയാൽ അത്രയൊന്നും അനുഗ്രഹിക്കപ്പെടാത്തവരുടെ കൈകളിൽ തോന്ന്യാസം (ലൈസൻസ്) ആയി തരം താഴുന്നതു് നാം പലപ്പോഴും കണ്ടിട്ടുള്ളതാണല്ലോ. കവിതയുടെ രൂപം ശിഥിലവും, ഭാവം തുച്ഛവും, വികാരം അതിഭാവുകത്വവുമാവുകയാണ്, കവിയുടെ വ്യക്തിത്വത്തിനു മറ്റെല്ലാററിനേക്കാളും പ്രാധാന്യം നൽകുന്നതിന്റെ ഒരു അനാശാസ്യഫലം. ഈ ദുസ്ഥിതി തടയപ്പെടണമെങ്കിൽ പുതിയ ചില മാനകങ്ങൾ (സ്റ്റാൻഡേർഡുകൾ) നിലവിൽ വരുത്തിയേ മതിയാവൂ എന്നു് ചിന്താശീലർക്കു് ബോധ്യമാവാൻ പിന്നീടു് ഏറെ താമസമുണ്ടാവുകയില്ല. കവിതയിലെ ബാഹ്യയാഥാർത്ഥ്യം അതോടെ ശ്രദ്ധാവിഷയമായിത്തീരുന്നു. രണ്ടു വശങ്ങളുണ്ടു് കവിതയിലെ ഈ ബാഹ്യയാഥാർത്ഥ്യത്തിനു്. അവയിലൊന്നു് കവിതയുടെ രൂപമത്രേ; മറേറവശം കവിതയുടെ പ്രമേയവും. ബാഹ്യയാഥാർത്ഥ്യത്തിലുള്ള ശ്രദ്ധ വീണ്ടും ആരംഭിക്കുന്നതു് മിക്കപ്പോഴും ബാഹ്യരൂപത്തിലുള്ള ശ്രദ്ധയായിട്ടാണ്. കവിതയുടെ ബാഹ്യരൂപത്തിന്റെ സൗന്ദര്യാവബോധപരമായ പ്രാധാന്യം ഈ ഘട്ടത്തിൽ പരക്കെ ചർച്ച ചെയ്യപ്പെടുന്നു; ''കല കലയ്ക്കു വേണ്ടി'' (സദ്യഃപരനിർവൃതയേ) എന്ന വാദം പ്രബലമാവുന്നു; സൗന്ദര്യശാസ്ത്രത്തിൽ പല പുതിയ സിദ്ധാന്തങ്ങളും ആവിഷ്കരിക്കപ്പെടുകയും ചെയ്യുന്നു.

## പർണ്ണാസിയൻ പ്രസ്ഥാനം

ആധുനിക മലയാളകവിതയിലെ ത്രിമൂർത്തികൾ മൂവരും പിറന്ന പത്തൊമ്പതാം നൂററാണ്ടിന്റെ ഏഴും എട്ടും ദശകങ്ങളിൽ ഫ്രഞ്ച് കവിതയിൽ (യൂറോപ്യൻ സാഹിത്യങ്ങളിൽ അന്നു് ഏറെക്കുറെ കേന്ദ്രീയ പ്രാധാന്യം ഫ്രഞ്ച് സാഹിത്യത്തിനുണ്ടായിരുന്നു) കാല്പനികത്വത്തിന്റെ അപചയത്തെ പ്രതിനിധാനം ചെയ്ത ''പർണ്ണാസിയൻ'' പ്രസ്ഥാനം കാല്പനികത്വത്തിന്റെ ഒരു ഉപോൽപ്പന്നമെന്നു് വിവരിക്കപ്പെട്ടിട്ടുണ്ടു്. ഈ പ്രസ്ഥാനത്തിൽപ്പെട്ട കവികളുടെ സവിശേഷതകളെ ''സിംബലിസത്തിന്റെ പൈതൃകം'' (The Heritage of Symbolism) എന്ന ഗ്രന്ഥത്തിൽ സി. എം. ബൗറ ഇങ്ങിനെ വർണ്ണിക്കുന്നു: ''വിക്ടോർ യൂഗോവിനെപ്പോലെ (അതായതു് പ്രശസ്തരായ റൊമാൻറിക്കുകളെപ്പോലെ—ലേ.) കവിയുടെ ഒരൊററ വ്യക്തിത്വം സൃഷ്ടിക്കുവാൻ, ഓരോ കവിതയും ഒരൊററ കാവ്യജീവിതത്തിലെ ലഘു സംഭവങ്ങളും പൂർവ്വ കവിതകളുടെ വെളിച്ചത്തിൽ മാത്രം സംവേദ്യങ്ങളുമാക്കുവാൻ, പർണ്ണാസിയൻ കവികൾ ഉദ്യമിച്ചില്ല. ഒററയ്ക്കു നില്ക്കുന്നവയും, അവതാരികയോ വ്യാഖ്യാനമോ ആവശ്യമില്ലാത്തവയും, കവിയെപ്പററി ഒന്നും തന്നെ വെളിപ്പെടുത്താത്തവയുമായ കവിതകൾ സൃഷ്ടിക്കുകയായിരുന്നു അവരുടെ ലക്ഷ്യം.'' ഈ കൃതികളിൽപ്പലതിലും ''ദർശനമോ സദാചാരോപ



ദേശമോ വ്യക്തിത്വപ്രകാശനമോ ഇല്ല. ഒരവസരത്തെ, ഒരു സംഭവത്തെ വിവരിക്കുന്നവയാണ് അവ. ആന്തരചക്ഷുസ്സിനോടു് (ബുദ്ധിയോടു്) ആണ് അവ സംവദിക്കുന്നതു്. ഹൃദയത്തോടോ മനസ്സാക്ഷിയോടോ അവ ഒന്നും പറയുന്നില്ല. വിശദാംശങ്ങൾക്കും, വിശദാംശങ്ങളെ ഏതിന്നു കീഴ്പെടുത്തിയോ ആ രൂപാഭികല്പനയ്ക്കും (ഡിസൈനിന്നും) വേണ്ടി ഈ കവിതകൾ നിലകൊള്ളുന്നു. ലോകത്തെയോ കവിതയെയോ പററി ഒരഭിപ്രായവും ഈ കവിതകൾ പറയുന്നില്ല'' (The Heritage of Symbolism, P. 60).

ഭൗതികശാസ്ത്രത്തിന്റേതായ വീക്ഷണമുറകൊണ്ടും, സമകാല സംഭവങ്ങളെപ്പററി തികഞ്ഞ നിസ്സംഗതയോടെയും, ശില്പഭംഗിയിൽ മാത്രം മനസ്സുവെച്ചും രചിക്കപ്പെട്ടിരുന്ന, രൂപമാത്രപ്രധാനമായ, ഈ പർണ്ണാസിയൻ കവിതയ്ക്കെതിരായാണ് പത്തൊമ്പതാം നൂററാണ്ടിന്റെ ഒമ്പതാം ദശകത്തിൽ ''സിംബലിസം'' എന്ന പ്രസ്ഥാനം ഫ്രാൻസിൽ രൂപം കൊണ്ടതു്. രചനയിൽ ക്ലാസ്സിസിസത്തിന്റേതായ സാങ്കേതികത്വം തികച്ചും പുലർത്തിയിരുന്ന ബോദ്‌ലെയറുടെ കൃതികളിൽ മുമ്പു തന്നെ തുടക്കം കുറിച്ചിരുന്ന സിംബലിസത്തെ ഒരു പ്രസ്ഥാനമാക്കിയതു് 1896-ൽ മരിച്ച വെർലെയ്ൻ ആയിരുന്നു. 1842 മുതൽ 1898 വരെ ജീവിച്ചിരുന്ന മല്ലാർമേ സിംബലിസ്റ്റുകളുടെ പരമാചാര്യനായി ഗണിക്കപ്പെടുന്നു. പ്രതീകങ്ങളിലും വ്യഞ്ജനാവ്യാപാരത്തിലുമുള്ള ഊന്നൽ, ദൈനംദിന ജീവിതത്തിൽ നിന്നു്—സമകാലികസംഭവങ്ങളിൽ നിന്നു്—ഉള്ള വിട്ടുനിൽപ്പു്, സംഗീതാത്മകത, രഹസ്യാത്മകതയുടേതായ ഒരുതരം ഗൗരവം (mystical grandeur) എന്നിവ സിംബലിസത്തിന്റെ സവിശേഷതകളായി പറയപ്പെട്ടിട്ടുണ്ടു് ഫ്രാൻസിൽ ഉത്ഭവിച്ച സിംബലിസ പ്രസ്ഥാനം ക്രമേണ യൂറോപ്യൻ സാഹിത്യങ്ങളിലെല്ലാം അഗാധമായ സ്വാധീനം ചെലുത്തുകയും ഏറെക്കുറെ ഒന്നാം മഹായുദ്ധത്തിന്റെ അവസാനം (ഇരുപതാം നൂററാണ്ടിന്റെ രണ്ടാം ദശകത്തിന്റെ മധ്യം) വരെ പാശ്ചാത്യസാഹിത്യങ്ങളിലെ പ്രമുഖ കാവ്യസിദ്ധാന്തമായി വർത്തിക്കുകയും ചെയ്തു. 1917-ൽ ടി. എസ്. എലിയട്ട് പ്രസിദ്ധപ്പെടുത്തിയ ''പ്രൂഫ്റോക്കിന്റെ പ്രേമഗാനം'' ആണ് പിന്നീടു് പാശ്ചാത്യകവിതയിൽ പ്രസ്താവ്യമായ ഒരു വ്യതിയാനം—''ആധുനിക'' കവിതയുടെ ഉദയം—കുറിച്ചതു്.

## ബ്രിട്ടനിൽ നിന്നുള്ള മാതൃകകൾ

''ബ്രിട്ടീഷ് കിരീടത്തിലെ രത്നം'' ആയിത്തീർന്നതിനെത്തുടർന്നു് ത്വരിതഗതിയിൽ നവീകരിക്കപ്പെട്ടുകൊണ്ടിരുന്ന ഭാരതം പത്തൊമ്പതാം ശതകത്തിന്റെ അവസാനദശകങ്ങളിൽ ഭൗതികകാര്യങ്ങളിലെന്ന പോലെ സാഹിത്യപരമായ വിഷയങ്ങളിലും മാതൃകയ്ക്കായി ഉററുനോക്കിയിരുന്നതു്, സ്വാഭാവികമായും, ബ്രിട്ടനിലേക്കായിരുന്നു.

ഇംഗ്ലീഷു സാഹിത്യവുമായി ആദ്യമാദ്യം പരിചയപ്പെട്ട ഭാരതീയരുടെ ദൃഷ്ടികൾ റൊമാൻറിക് (കാല്പനിക) പ്രസ്ഥാനത്തിൻെറ ഉജ്ജ്വലതയിൽ പകച്ചു നിന്നുപോയെങ്കിൽ അതിൽ യാതൊരത്ഭുതവുമില്ല. എന്നാൽ ആ കാലമായപ്പോഴേക്കും ഇംഗ്ലീഷ് കവിതയിലെ റൊമാൻറിക് പ്രസ്ഥാനത്തിൻെറ മൗലികമായ വിശുദ്ധി, പല കലർപ്പുകളും കയറിപ്പററിയതു മൂലം, ഏറെക്കുറെ നഷ്ടപ്പെട്ട കഴിഞ്ഞിരുന്നു. സി. എം. ബൗറയെ ഒരിക്കൽ കൂടി ഉദ്ധരിക്കട്ടെ: ''തങ്ങൾ പ്രവാചകരാണെന്നു വിശ്വസിച്ചിരുന്ന വിക്ടോറിയൻ കാലഘട്ടത്തിലെ (പത്തൊമ്പതാം നൂററാണ്ടിൻെറ അവസാന ദശകങ്ങളിലെ) മഹാന്മാരായ കവികൾ, ഗദ്യത്തിനു കൂടുതൽ യോജിച്ച പല ഘടകങ്ങളും കവിതയിൽ ഉൾക്കൊള്ളിച്ചിരുന്നു. ശാസ്ത്രവും മതവും തമ്മിലുള്ള മാത്സര്യം, ബ്രിട്ടീഷ് സാമ്രാജ്യത്തിൻെറ വികസനം, നൈതികജീവിതത്തിൽ ഈശ്വരൻെറ സ്ഥാനം മുതലായ, കവിതയുടെ കൊക്കിലൊതുങ്ങാത്ത, കാര്യങ്ങളെപ്പററി തങ്ങളുടെ ഉയർന്ന മണ്ഡപങ്ങളിൽ നിന്നു് അവർ പ്രഭാഷണം നടത്തി. കവിത ഒരുതരം മതപ്രസംഗമാണെന്ന ധാരണ പൊതുജനങ്ങൾക്കെന്ന പോലെ കവിക്കും ആപൽക്കരമാകുന്നു. തൻെറ ഹൃദയത്തെ ഒരിക്കലും സ്പർശിക്കാതിരുന്ന പ്രശ്നങ്ങൾക്കു വേണ്ടി ടെന്നിസൻ അദ്ദേഹത്തിൻെറ സുകുമാരങ്ങളായ സിദ്ധികൾ ചിലപ്പോഴൊക്കെ വൃഥാവ്യയം ചെയ്തു. ഏററവും നാടകീയങ്ങളായ വിവരണാത്മകഗീതങ്ങളിൽ (idyls) പ്രസംഗങ്ങൾ കുത്തിത്തിരുകുക ബ്രൗണിങ്ങിൻെറ വഴക്കം ആയിരുന്നു. പൊതുജന മനസ്സിനെ നയിക്കേണ്ട ചുമതല തങ്ങൾക്കുണ്ടെന്നു് സ്വിൻബേൺ, പാററ്മോർ എന്നിവർ (അത്രതന്നെ പ്രാധാന്യമില്ലാത്ത കവികൾ) പോലും കരുതി. ശക്തിയേറിയ ഈ ഉപദേശാത്മകതയ്ക്കെതിരായി പ്രീ-റാഫെലൈററുകൾ ധീരമായി പൊരുതിയെന്നതു ശരി തന്നെ. പക്ഷേ അവരുടേതു് ഒരു വ്യതിചലനശ്രമം മാത്രമായിരുന്നു. പ്രബോധനമാണ് കവിതയുടെ മുഖ്യധർമ്മം എന്നു വാദിച്ചവരാണ് ബഹുജനപ്രീതി നേടിയതു്'' (The Heritage of Symbolism, P. 181).

ഈ പ്രഭാഷണ പ്രവണതയ്ക്കെതിരായ ഒരു പ്രസ്ഥാനം ഇംഗ്ലീഷ് കവിതയിലും ഉടലെടുക്കാതിരുന്നില്ല. മഹാന്മാരായ വിക്ടോറിയൻ കവികളുടെ നിര്യാണത്തെത്തുടർന്നു്, 19-ാം ശതകത്തിൻെറ അവസാന വർഷങ്ങളിൽ, യൂറോപ്പിലെ സിംബലിസത്തോടു സമാനമായ ''ഇമേജിസ്റ്റ്'' പ്രസ്ഥാനം ബ്രിട്ടനിലും രൂപം കൊള്ളുകയുണ്ടായി. എന്നാൽ, ബ്രിട്ടീഷ് കവിതയിലെ ഈ സമകാല പ്രവണതകൾ, പുതുതായി ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിത്തുടങ്ങിയിരുന്ന ഭാരതീയ ബുദ്ധിജീവി വർഗ്ഗത്തിൻെറ ശ്രദ്ധയാകർഷിച്ചിരുന്നതായി കാണുന്നില്ല. റൊമാൻറിക് സാഹിത്യത്തിൻെറ ശക്തിയും ദൗർബ്ബല്യവും ഒരുപോലെ നിറഞ്ഞു നിന്ന വിക്ടോറിയൻ-എഡ്വേർഡിയൻ കാലഘട്ടത്തിലെ ഇംഗ്ലീഷ്



സാഹിത്യത്തിലെ മുഖ്യധാരകളായിരുന്നു അവരെ ആകർഷിച്ചതും, അവയ്ക്കാവശ്യമായ രചനാ മാതൃകകൾ സമർപ്പിച്ചതും. ഈ നിലയ്ക്കു് ഒരു അപവാദമായി, സമകാലലോകചേതനയുടെ സ്പന്ദനങ്ങൾ ഉൾക്കൊണ്ടു്, അവയുമായി പ്രതിസ്പന്ദിച്ച്, കവിവ്യാപാരം നിർവ്വഹിച്ചതു് ഇന്ത്യയിൽ രവീന്ദ്രനാഥടാഗോർ മാത്രമായിരുന്നു.

ടാഗോറിനെപ്പററി (1861—1941) പക്ഷേ, ഇവിടെ പ്രസ്താവിക്കേണ്ടതില്ല. ഉള്ളൂരിൻെറ കവിതയെ മനസ്സിലാക്കുന്നതിന്നു് ഉപകരിക്കുന്ന ഒരു പശ്ചാത്തലമെന്ന നിലയിൽ, അദ്ദേഹം ജനിച്ച കാലത്തും അദ്ദേഹത്തിൻെറ കവിപ്രതിഭ വളർച്ച നേടിയ ആദ്യവർഷങ്ങളിലും കവിതയിൽ നിലവിലിരുന്ന മുഖ്യധാരകളുടെ അതിസാമാന്യവൽകൃതമായ ഒരു ചിത്രം നൽകുക മാത്രമാണ് ഇവിടെ ഉദ്ദിഷ്ടം. ടാഗോറിനേക്കാൾ പതിനാറു വർഷം ഇളപ്പമായിട്ടും, ടാഗോർ മരിച്ച് എട്ടു വർഷം കൂടി ജീവിച്ചിരുന്നിട്ടും, ടാഗോറിനെപ്പററി തൻെറ കവിതകളിൽ പ്രതിപാദിച്ചിരുന്നിട്ടും, ടാഗോറിൻെറ കവിതയുടെ അന്തസ്സത്തയാൽ ഉള്ളൂർ ആകർഷിക്കപ്പെട്ടതായിക്കാണുന്നില്ല; ടാഗോർകവിതയിലെ മിസ്റ്റിസിസത്തിൻെറയോ സിംബലിസത്തിൻെറയോ രഹസ്യം ഉള്ളൂർ ഉൾക്കൊണ്ടതിൻെറ യാതൊരു ലക്ഷണവുമില്ല.

## നവോത്ഥാനപൈതൃകം

എന്നാൽ, ടാഗോറിൻെറ പ്രശസ്തരായ പൂർവ്വഗാമികളിലൂടെ ബംഗാളിൽ പിറന്നു് ഭാരതമൊട്ടാകെ വ്യാപിച്ച നവോത്ഥാനത്തിൻെറ പൈതൃകം ഉള്ളൂർ ധാരാളമായി അവകാശപ്പെടുന്നുണ്ടു്. ഈ നവോത്ഥാനത്തിൻെറ ശുക്രതാരമായി ഗണിക്കപ്പെടുന്ന രാജാ രാം മോഹൻറായ് 1833-ൽ അന്തരിച്ചുവെങ്കിലും, പിന്നേയും ഒരു നാല്പതുകൊല്ലം കഴിഞ്ഞ് അന്തരിച്ച മൈക്കൽ മധുസൂദൻ ദത്തിനെയാണ് ബംഗാളി സാഹിത്യത്തിൽ കാല്പനിക യുഗത്തിൻെറ പ്രതിഷ്ഠാപകനെന്നു കണക്കാക്കുന്നതു്. മധുസൂദൻ ദത്ത് എഴുതിയതു കവിതയാകയാൽ, സ്വന്തം ഭാഷയുടെ പരിധിക്കപ്പുറത്തു് അദ്ദേഹത്തിൻെറ സ്വാധീനം വളരെയൊന്നും വ്യാപിക്കുകയുണ്ടായില്ല. എന്നാൽ മധുസൂദൻ ദത്തിനേക്കാൾ പതിനഞ്ചു വയസ്സ് ഇളപ്പമായിരുന്ന ബങ്കിം ചന്ദ്രൻെറ (1838—1894) റൊമാൻറിക് നോവലുകൾ വളരെ വേഗത്തിൽ ഇന്ത്യയിലെ മിക്ക ഭാഷകളിലും വിവർത്തനം ചെയ്യപ്പെടുകയും, ഏറെക്കുറെ രാമായണവും മഹാഭാരതവും ഭാഗവതവും പോലെ ''ഭാരതീയ സാഹിത്യസമുച്ചയ''ത്തിൻെറ അവിഭാജ്യഘടകമായിത്തീരുകയും ചെയ്തു. ബങ്കിം ചന്ദ്രൻെറ മിക്കവാറും എല്ലാ നോവലുകളും മലയാളത്തിൽ വിവർത്തിതങ്ങളായിട്ടുണ്ടു്. ബങ്കിം ചന്ദ്രനേക്കാൾ പത്തു വയസ്സു കുറവായിരുന്ന രമേശ് ചന്ദ്രദത്തൻെറ (1848—1909) കൃതികളും ഇംഗ്ലീഷ് വിവർത്തനങ്ങളിലൂടെ ഭാരതത്തിൽ വ്യാപകമായി പ്രചരിച്ച് ഇന്ത്യൻ നവോത്ഥാനത്തിന്നു് ആക്കം കൂട്ടുകയുണ്ടായി.

എന്നാൽ, ടാഗോർ ജനിച്ച് രണ്ടു വർഷം കഴിഞ്ഞ ശേഷം പിറന്ന വിവേകാനന്ദസ്വാമികളാണ് ഭാരതീയ നവോത്ഥാനത്തിന്ന് അതിൻെറ ദേശാഭിമാനപരമായ ഉള്ളടക്കം പൂർണ്ണമായും നല്കിയത്. 1893-ൽ ഷിക്കാഗോ മതസമ്മേളനത്തിൽ സ്വാമികൾ ചെയ്ത പ്രസംഗവും, 1897-ൽ കൊളമ്പു മുതൽ അൽമോറ വരെ അദ്ദേഹം നടത്തിയ ജൈത്രയാത്രയും, ആ അവസരത്തിൽ ചെയ്ത ഉദ്ബോധനങ്ങളും പാശ്ചാത്യാകർഷണത്തിൽ നിന്ന് ഭാരത ചേതനയെ വിമോചിപ്പിച്ച മഹാസംഭവങ്ങളായിരുന്നു. വിവേകാനന്ദസ്വാമികളുടെ സതീർഥ്യനായിരുന്ന നിർമ്മലാനന്ദസ്വാമികൾ 1911-ൽ കേരളത്തിൽ പ്രവർത്തനമാരംഭിച്ചതോടെ രാമകൃഷ്ണ—വിവേകാനന്ദപ്രസ്ഥാനവുമായി നേരിട്ടു ബന്ധം സ്ഥാപിക്കുക കേരളീയർക്കു സാധ്യമായി.

ഏതെങ്കിലുമൊരു പാശ്ചാത്യരാഷ്ട്രവുമായി ആദ്യമായി നേരിട്ടു സമ്പർക്കത്തിലേർപ്പെട്ട ഇന്ത്യയിലെ ഭൂവിഭാഗം കേരളമാണെങ്കിലും, പാശ്ചാത്യസമ്പർക്കത്തിൻ ഫലമായി ഇന്ത്യയിലുളവായ നവോത്ഥാനം താരതമ്യേന വൈകി മാത്രമേ കേരളത്തിലെത്തുകയുണ്ടായുള്ളു. മലയാള കവിതയിൽ നവോത്ഥാനകാലഘട്ടത്തിൻെറ ആരംഭം സാധാരണയായി കണക്കാക്കപ്പെടുന്നത് ''വീണപൂവ്'' പ്രകാശനം ചെയ്യപ്പെട്ട 1908 മുതല്ക്കാണല്ലോ. എന്നാൽ, ''വീണപൂവ്'' പോലെ ഒരു കൃതി നിർമ്മിക്കപ്പെടുന്നതിന്നും, അതിന്ന് സഹൃദയ ഹൃദയങ്ങളിൽ ആവേശഭരിതമായ സ്വാഗതം ലഭിക്കുന്നതിന്നും ആവശ്യമായ പരിതസ്ഥിതികൾ, പ്രകടമല്ലാതെയും മന്ദഗതിയിലും, എത്രയോ വർഷങ്ങളായി ഇവിടെ പാകപ്പെട്ടു വരുകയായിരുന്നു. 1770-ൽ കുഞ്ചൻ നമ്പ്യാർ മരിച്ചതോടെ മലയാള കവിതയിലെ മധ്യകാലഘട്ടം അവസാനിച്ചതായി കണക്കാക്കാം. പിന്നീട് വെണ്മണിക്കവികളുടെ (അച്ഛൻ 1817—1891, മകൻ 1844—1893) കാലത്തോളം, ഏകദേശം ഒരു നൂററാണ്ട്, മലയാള കവിത വളർച്ച മുട്ടിക്കിടക്കുകയായിരുന്നു. കിളിപ്പാട്ടുകൾ, ആട്ടക്കഥകൾ, തുള്ളലുകൾ എന്നിവയുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധന ഈ കാലത്തുണ്ടായി. ഇരയിമ്പൻതമ്പി (1783—1856) യെപ്പോലെയുള്ള പ്രതിഭാശാലികളും മച്ചാട്ടിളയതിനെ (1765—1842) പ്പോലെയുള്ള ജനകീയ സാഹിത്യകാരന്മാരും തങ്ങളുടെ പ്രതിഭാപ്രസരം കൊണ്ട് മലയാള കവിതാമണ്ഡലത്തെ ഭാസുരമാക്കി. അച്ചടി സാർവത്രികമായി; ഗദ്യശൈലി വികസിച്ചു; പാശ്ചാത്യമാതൃകകളെ അനുകരിച്ചുള്ള വ്യാകരണ ഗ്രന്ഥങ്ങളും നിഘണ്ടുക്കളും പ്രസിദ്ധീകരിക്കപ്പെട്ടു. സ്കൂളുകൾ സ്ഥാപിക്കപ്പെട്ടതോടെ പാഠപുസ്തകങ്ങളും നിർമ്മിതങ്ങളായി. ആനുകാലികങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടു തുടങ്ങി. ഇങ്ങിനെ മലയാളഭാഷയും സാഹിത്യവും ബഹുമുഖവും നിർണ്ണായകവുമായ വികാസം നേടിയെങ്കിലും, കവിതയെസ്സംബന്ധിച്ചിടത്തോളം ഈ ഒരു നൂററാണ്ട് ഏറെക്കുറെ ശുഷ്കംതന്നെയായിരുന്നു.



വെണ്മണി പ്രസ്ഥാനമാണ് ഈ നിലയ്ക്ക് ഒരു മാററം വരുത്തിയത്. 1835-ഓടു കൂടി ആരംഭിച്ച് 1875-ഓടു കൂടി പ്രതിഷ്ഠിതമായിത്തീർന്ന ഈ പ്രസ്ഥാനം ചെയ്ത മുഖ്യസേവനം ''സംസ്കൃതവൃത്തനിബദ്ധങ്ങളായ നൂതന ഭാഷാപ്രബന്ധങ്ങളെ യഥാർത്ഥ മലയാള കൃതികളായി രൂപാന്തരപ്പെടുത്തിയതാണ്.'' വെണ്മണി പ്രസ്ഥാനം മലയാള കവിതയിൽ വരുത്തിയ പരിഷ്കാരങ്ങളെ ഉള്ളൂർ ഇങ്ങിനെ സംക്ഷേപിച്ചിരിക്കുന്നു: ''(1) സംസ്കൃത വിഭക്ത്യന്തങ്ങളോ പ്രസിദ്ധി വികലങ്ങളോ ആയ പദങ്ങളെ കഴിവുള്ളിടത്തോളം വർജ്ജിക്കുക, (2) ശ്ലേഷം (സംശ്ലിഷ്ടപദത, അതായത് എത്ര പദങ്ങളുണ്ടെങ്കിലും എല്ലാം കൂടി ഒരൊററപ്പദം പോലെ അലിഞ്ഞ് ചേർന്ന് പരിലസിക്കത്തക്ക നിലയിലുള്ള അവയുടെ സംയോജനം), പ്രസാദം (കേട്ട നിമിഷത്തിൽ അർത്ഥാവബോധമുണ്ടാകത്തക്ക പദങ്ങളല്ലാതെ മറെറാന്നും പ്രയോഗിക്കാതിരിക്കുക), മാധുര്യം, സൗകുമാര്യം (അനിഷ്ഠുരാക്ഷരപ്രിയത), അർഥവ്യക്തി, ഗതി (സ്വരങ്ങൾക്ക് ആരോഹാവരോഹക്രമം ദീക്ഷിക്കുമ്പോൾ പ്രകടീഭവിക്കുന്ന രമ്യത) ഇത്യാദി കാവ്യഗുണങ്ങളിൽ പ്രത്യേകം ശ്രദ്ധ പതിപ്പിക്കുക, (3) ശയ്യ (പദങ്ങളുടെ വിനിമയാസഹിഷ്ണുത), ദ്രാക്ഷാപാകം (അകത്തും പുറത്തും ഒരുപോലെ വ്യാപിക്കുന്ന രസസ്ഫൂർത്തി), വൈദർഭീരീതി (മാധുര്യാദി ഗുണങ്ങൾക്കിണങ്ങിയ കോമളമായ ശബ്ദഘടന) ഈ വക കാര്യങ്ങളിൽ നിഷ്കർഷിക്കുക, (4) കർണ്ണസുഖം വരുത്തി ശ്രോതാക്കളെ ആകർഷിക്കുന്നതിന്നുള്ള ഉപായങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്ത വൃത്യനുപ്രാസത്തിലും അന്ത്യപ്രാസത്തിലും വിശേഷ പ്രതിപത്തി പ്രദർശിപ്പിക്കുക, (5) ഏതു ശ്ലോകത്തിലും ഇങ്ങോളമങ്ങോളം ഫലിതസിത വിതറി ആസ്വാദ്യത വർദ്ധിപ്പിക്കുക, എന്നിങ്ങിനെ ചില പദ്ധതികളാണ് ആ (വെണ്മണി) പ്രസ്ഥാനത്തിൻെറ ഉപജ്ഞാതാക്കൾ തങ്ങളുടെ ഉദ്ദേശസിദ്ധിയ്ക്ക് അംഗീകരിച്ചത്. അപ്രയുക്തം[1] അസമർഥം[2], നേയാർത്ഥം[3], സന്ദിഗ്ദ്ധം[4], ക്ലിഷ്ടം[5], അന്യാർഥം[6], അപ്രതീതികം[7], പരുഷം[8] തുടങ്ങിയ പല കാവ്യദോഷങ്ങളേയും അവർ അകററി നിർത്തി. ദൂരാന്വയം, വിസന്ധി[9], യതിഭംഗം മുതലായ രചനാവൈകല്യങ്ങൾ അവരുടെ കൃതികളിൽ അത്യന്തം വിരളമായല്ലാതെ കാണുകയില്ല. എങ്കിലും ച്യുതസംസ്കാരം[10], നിരർഥകം[11], അപ്രയോജകം, ഗ്രാമ്യം[12] തുടങ്ങിയ ദോഷങ്ങളെ അവർ കാര്യമായി ഗണിക്കു

1. അപ്രയുക്തം, തഥാമ്നാതമപി കവിഭിർന്നാദൃതം. 2. അസമർഥം, യത്തദർഥം പഠ്യതേ, ന തത്ര അസ്യ ശക്തി. 3. നേയാർഥം ലക്ഷണാത്യന്ത പ്രസരാദ് മനോഹരം. 4. സന്ദിഗ്ദ്ധം, താത്പര്യസന്ദേഹവിഷയീഭൂതാർഥദ്വയോപസ്ഥാപകം. 5. ക്ലിഷ്ടം, യതോർഥപ്രതിപത്തിർ വ്യവഹിതാ. 6. അന്യാർഥം, നിഹതാർഥം, ഉഭയാർഥകമപ്രസിദ്ധേ$f$ർഥേ പ്രയുക്തം. 7. അപ്രതീതം, യത്കേവലേ ശാസ്ത്രേ പ്രസിദ്ധം 8. പരുഷം, ശ്രുതികടു. 9. വിസന്ധി, സന്ധേർവൈരൂപ്യം വിശ്ലേഷോശ്ലീലത്വം കഷ്ടത്വാ ച 10. ച്യുതസംസ്കാരം, വ്യാകരണലക്ഷണഹീനം. 11. നിരർഥകം പാദപൂരണമാത്രപ്രയോജനം 12. ഗ്രാമ്യം സമസ്തലോകപ്രസിദ്ധം.

കയോ അവയിൽ നിന്നു വിമുക്തി നേടുവാൻ യത്നിക്കുകയോ ചെയ്തില്ല. അവരുടെ കൃതികൾ ആപാതമധുരങ്ങളാണെങ്കിലും ആലോചനാമൃതങ്ങളെന്നു പറവാൻ നിർവ്വാഹമില്ല'' (കേരള സാഹിത്യചരിത്രം, II, 320)

വെണ്മണി പ്രസ്ഥാനത്തിന്റെ ആചാര്യന്മാർ പാശ്ചാത്യമായ യാതൊരു സ്വാധീനത്തിനും വിധേയരായിരുന്നില്ല. വെണ്മണി പ്രസ്ഥാനം നിലവിൽ വരുമ്പോഴേക്ക് യൂറോപ്പിൽ റൊമാൻറിക് പ്രസ്ഥാനം അപചയഘട്ടത്തോടടുത്തിരുന്നു. വെണ്മണി അച്ഛൻ നമ്പൂതിരിപ്പാടും (1317—1891) ബോദ്‌ലെയറും (1821—1867) സമകാലികരായിരുന്നു. വെണ്മണി മഹൻ നമ്പൂതിരിപ്പാടിന്റെ (1844–1893) സമകാലികരായിരുന്നു സിംബലിസ പ്രസ്ഥാനം സ്ഥാപിച്ച വെർലെയ്നും (1844—1896) പ്രസ്ഥാനത്തിന്റെ പരമാചാര്യനായിരുന്ന മല്ലാർമേയും (1842—1898). വെണ്മണി മഹൻ മരിച്ച് ഒരുകൊല്ലം കഴിഞ്ഞ് ബങ്കിംചന്ദ്രൻ മരിച്ചു. അപ്പോഴേക്ക് വംഗദേശത്ത് രൂപം കൊണ്ടിരുന്ന ഭാരതീയ കാല്പനികപ്രസ്ഥാനത്തെക്കുറിച്ചോ, യൂറോപ്പിൽ തഴച്ചു വളർന്നിരുന്ന സിംബലിസത്തെക്കുറിച്ചോ ഒന്നും ഈ കേരളീയ കവികൾ അറിഞ്ഞിരുന്നില്ല എന്ന് പ്രത്യേകം പറയേണ്ടതില്ല.

വെണ്മണി പ്രസ്ഥാനത്തിന്റെ സ്വാധീനത്തിൽ നിന്ന് ,വിട്ടുനിന്നു", പ്രാചീന മണിപ്രവാളശൈലി ഏറെക്കുറെ അഭംഗുരമായി നിലനിർത്തിയും, എന്നാൽ വിഷയഗൗരവം നിമിത്തം ഉളവാകുന്ന ഗാംഭീര്യം അതിനു കൂട്ടതലായി നല്കിയും കാവ്യരചനയും കവിപ്രോത്സാഹനവും നിർവ്വഹിച്ചിരുന്ന കേരളവർമ്മ വലിയ കോയിത്തമ്പുരാനാണ് ഇവിടെ അനുസ്മരിക്കപ്പെടേണ്ട മറ്റൊരു വ്യക്തി. കേരളവർമ്മയുടെ ശാകുന്തള വിവർത്തനം 1882–ലും അതിന്റെ പരിഷ്കരിച്ച പതിപ്പ് 1912–ലും പ്രസിദ്ധീകൃതമായി. മയൂരസന്ദേശം നിർമ്മിക്കപ്പെട്ടത് 1894–ൽ ആയിരുന്നു.

## ജീവചരിത്രം

നാലു തലമുറ മുമ്പ് കോലത്തു നാട്ടിൽ ചിറക്കൽ നിന്ന് തിരുവനന്തപുരത്തേക്കു മാറിപ്പാർത്ത ഒരു തമിഴ് ബ്രാഹ്മണ കുടുംബത്തിൽ, സ്കൂൾ ഇൻസ്പെക്ടറായിരുന്ന സുബ്രഹ്മണ്യയ്യരുടെ പുത്രനായി, ചങ്ങനാശ്ശേരി പെരുന്ന ഗ്രാമത്തിലെ പാലൂർ പോററിമാരുടെ വക താമരശ്ശേരി ഇല്ലത്തിൽ 1877–ൽ (1052 ഇടവം 25–ാംനു- രേവതി നക്ഷത്രത്തിൽ; നക്ഷത്രമനുസരിച്ച് ജന്മശതവാർഷികം 1977 ജൂൺ 11–ാംനു-) ഉള്ളൂർ പരമേശ്വരയ്യർ പിറക്കുമ്പോൾ കേരളത്തിലെ സാഹിത്യാന്തരീക്ഷത്തിന്റെ സ്വഭാവമെന്തായിരുന്നു എന്ന് മേൽ വിവരിച്ചതിൽ നിന്ന് ഊഹിക്കാമല്ലോ. പത്തു വയസ്സു വരെ സ്കൂളിൽ ചേരാതെ സംസ്കൃതം പഠിച്ച പരമേശ്വരയ്യർ പിന്നീട് ഇരട്ട ക്ലാസ്സു കയററം നേടി 16–ാം വയസ്സിൽ മെട്രിക്കുലേഷനും 20–ാം വയസ്സിൽ ബി. എ. യും പാസ്സായി,





അധ്യാപക ജോലിയിലേർപ്പെട്ടു. അച്ഛന്റെ മരണം നിമിത്തം ഇതിനിടയ്ക്ക് അദ്ദേഹത്തിന്ന് കഠിനമായ ദാരിദ്ര്യത്തോട് മല്ലിടേണ്ടി വന്നു. അസിസ്റ്റൻറും ഹെഡ്മാസ്റ്ററുമായി നാലു കൊല്ലത്തോളം അധ്യാപനം നടത്തിയതിന്നു ശേഷം 1901–ൽ ഒരു ക്ലാർക്കായി സർക്കാർ സേവനത്തിൽ പ്രവേശിച്ചു. പിന്നീട് ബി. എൽ., എം. എ. എന്നീ പരീക്ഷകൾ ജയിച്ചു; ഉദ്യോഗത്തിൽ സാവധാനം ഉയർന്നു. മജിസ്ട്രേട്ട്, താസിൽദാർ, മുൻസിഫ്, അസി. സിക്രട്ടറി, അണ്ടർ സിക്രട്ടറി, സിക്രട്ടറി, ആക്ററിങ്ങ് ചീഫ് സിക്രട്ടറി, പേഷ്കാർ, ലാൻഡ് റവന്യൂ കമ്മീഷണർ എന്നിങ്ങിനെ പല നിലകളിൽ തിരുവിതാംകൂർ ഗവർമ്മെണ്ടിനെ സേവിച്ച ശേഷം 1932–ൽ, 55–ാം വയസ്സിൽ പെൻഷൻ പററി. 17 വർഷം കൂടി കഴിഞ്ഞ് 1949–ൽ 72–ാം വയസ്സിൽ ദിവംഗതനായി. അഞ്ചു വാല്യങ്ങളിലായി 64 അധ്യായങ്ങളും 3244 പേജുകളുമുള്ള അതിവിപുലമായ കേരള സാഹിത്യചരിത്രത്തിന്നു പുറമെ, പത്തു പുസ്തകങ്ങളിലായി സമാഹരിക്കപ്പെട്ട 152 ഭാവഗാനങ്ങൾ, 6 പുസ്തകങ്ങളിലായി സമാഹരിക്കപ്പെട്ട 78 പ്രബന്ധങ്ങൾ, പത്തൊമ്പതു സർഗ്ഗമുള്ള ബൃഹത്തായ ഒരു മഹാകാവ്യം, ഒരു ചമ്പു, അഞ്ച് അങ്കങ്ങളും ഇരുപത്തഞ്ചു രംഗങ്ങളുമുള്ള ഒരു നാടകം, 17 ഖണ്ഡകാവ്യങ്ങൾ, ഭാഷാചമ്പുക്കളെപ്പററി വിസ്തൃതമായ ഒരു പഠനം എന്നിവ അദ്ദേഹത്തിന്റേതായി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. 95 ഗ്രന്ഥങ്ങൾ അദ്ദേഹം പ്രസാധനം ചെയ്തു; 175–ഓളം കൃതികൾക്ക് അവതാരികകൾ എഴുതി; മയൂരസന്ദേശം ഇംഗ്ലീഷിൽ വിവർത്തനം ചെയ്തു. ഇംഗ്ലീഷിലും മലയാളത്തിലുമായി സമാഹരിക്കാത്ത എത്രയോ കൃതികൾ വേറെയുമുണ്ട്. കവി, സാഹിത്യചരിത്രകാരൻ, പണ്ഡിതൻ, ഗവേഷകൻ, ഭാഷാഭിമാനി എന്നീ നിലകളിൽ അപ്രതിമനായിരുന്ന ഈ മഹാപുരുഷൻ സ്വന്തം കാലഘട്ടത്തെ മാത്രമല്ല, വരാനിരിക്കുന്ന എത്രയോ വർഷങ്ങളെക്കൂടി അനുപമമായ പ്രതിഭാപ്രസരത്താൽ പ്രകാശിപ്പിച്ചുകൊണ്ടാണ് ഇഹലോകജീവിതം അവസാനിപ്പിച്ചത്.

പന്ത്രണ്ടാം വയസ്സിൽത്തന്നെ ഉള്ളൂർ ''നസ്രാണി ദീപിക'' പത്രത്തിന്റെ ചങ്ങനാശ്ശേരി ലേഖകനായി അംഗീകരിക്കപ്പെട്ടു. തിരുവനന്തപുരത്തു കോളേജിൽ പഠിച്ചിരുന്ന കാലത്ത് സതീർഥ്യരായിരുന്ന ഒടുവിൽ കുഞ്ഞുകൃഷ്ണമേനോൻ, കെ. രാമകൃഷ്ണപിള്ള എന്നിവരുമായുള്ള സഹവാസം അതിനകം അദ്ദേഹത്തിൽ വികസ്വരമായിരുന്ന സാഹിത്യവാസനയെ പോഷിപ്പിച്ചു. കൂട്ടു കവിതകൾ, കവിതക്കത്തുകൾ മുതലായ, വെണ്മണി പ്രസ്ഥാനക്കാർക്കിടയിൽ സർവ്വസാധാരണമായിരുന്ന, കാവ്യരൂപങ്ങളിലാണ് ആദ്യമായി അദ്ദേഹം വ്യാപരിച്ചത്. ഇരുപത്തഞ്ചാം വയസ്സിൽ അദ്ദേഹം എഴുതി പ്രസിദ്ധീകരിച്ച മയൂരസന്ദേശത്തിന്റെ ഇംഗ്ലീഷ് വിവർത്തനം സുപ്രസിദ്ധനായ രമേശ് ചന്ദ്ര

ദത്തിന്റെ പ്രശംസയാർജ്ജിച്ചവത്രേ. ഇരുപത്തേഴാം വയസ്സിൽ പ്രസിദ്ധം ചെയ്ത "വഞ്ചീശഗീതി" സമകാലികർക്കിടയിൽ അദ്ദേഹത്തിന്റെ കവിയശസ്സ് സുപ്രതിഷ്ഠിതമാക്കി. മുപ്പത്തഞ്ചാം വയസ്സിൽ പ്രകാശിതമായ "ഉമാകേരളം" മലയാളത്തിലെ മഹാകാവ്യങ്ങളിൽ സർവഥാ പ്രഥമഗണനീയമെന്നു മാത്രമല്ല, ഉള്ളൂർ കൃതികളിൽ തന്നെ പലതുകൊണ്ടും അത്യുത്തമമെന്ന് പലരും കരുതി വരുന്നുണ്ട്.

## ഗാംഭീര്യം

വെണ്മണി പ്രസ്ഥാനത്തിന്റെ ഒരു സവിശേഷതയായി ഉള്ളൂർ എടുത്തോതിയിട്ടുള്ള ഫലിതം അദ്ദേഹത്തിന്റെ കൃതികളിൽ കുറവായിരുന്നു എന്നു മാത്രമല്ല, വിഷയഗൗരവം കൊണ്ടോ, അതിന്നു നിവൃത്തിയില്ലാത്ത സ്ഥലങ്ങളിൽ രചനയുടെ ഓജോഗുണവും ഉദാത്തതയും കൊണ്ടോ, വെണ്മണിപ്രസ്ഥാനത്തിന്നില്ലാത്ത ഗാംഭീര്യം സ്വന്തം കൃതികളിൽ അദ്ദേഹം ആവഹിക്കുകയും ചെയ്തു. കാല്പനിക പ്രസ്ഥാനത്തിന്റെ ദീപ്തി പൊഴിച്ചുകൊണ്ട് മലയാളത്തിൽ ആവിർഭവിച്ച ഭാവഗാനങ്ങളിലും ഖണ്ഡകാവ്യങ്ങളിലും രസത്തിന്നും, തൽഫലമായി സഹൃദയഹൃദയങ്ങളിലുളവാകുന്ന ദ്യുതിക്കും പ്രാധാന്യം നൽകിയിരുന്നപ്പോൾ, ഉള്ളൂരിന്റെ ഭാവഗാനങ്ങളും ഖണ്ഡകാവ്യങ്ങളും, സി. എം. ബൗറ വിവരിക്കുന്ന വിക്ടോറിയൻ കാലഘട്ടത്തിലെ മഹാന്മാരായ ഇംഗ്ലീഷ് കവികളുടെ കൃതികളെന്ന പോലെ, പദ്യത്തേക്കാൾ ഗദ്യത്തിന്നു കൂടുതൽ യോജിച്ച പല ഘടകങ്ങളും ഉൾക്കൊണ്ട് തികച്ചും ഉപദേശാത്മകങ്ങളായി വർത്തിച്ചു. ഈ ഉപദേശാത്മകതയുടെ പേരിൽ ഉള്ളൂർക്കവിത നിർദ്ദാക്ഷിണ്യം വിമർശിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ, ഉപദേശത്തിന്ന് കവിതയിൽ എക്കാലത്തും സ്ഥാനമുണ്ടായിരുന്നു എന്നും, ലോകത്തിൽ ഏതു ഭാഷയിലുമുള്ള കവിതയിൽ ഗണ്യമായ ഒരു വിഭാഗം, ഉത്തമമെന്ന് സർവ്വാംഗീകൃതമായ ഒരു വിഭാഗം തന്നെ, ഉപദേശപ്രധാനമായിരുന്നു എന്നും മറക്കരുത്. കവിതയുടെ സുവർണ്ണയുഗത്തിൽ കവികൾ സമുദായത്തിന്റെ അനൗപചാരിക നിയമനിർമ്മാതാക്കളായിരുന്നത് ഈ ഉപദേശ പ്രവണതകൊണ്ടു കൂടിയാണ്. കവിതയിൽ നിന്ന്—ഏതു ഭാഷയിലെ കവിതയിൽ നിന്നും—ഉപദേശപരമായ അംശം നീക്കിയാൽ അവശേഷിക്കുന്നത് സ്വല്പവും, പലപ്പോഴും തുച്ഛവുമായ ഒരു ഭാഗം മാത്രമായിരിക്കും.

മിതംപചനല്ലാതിരുന്നതുകൊണ്ട് ഉള്ളൂർ ബഹുപ്രദൻ കൂടിയായിരുന്നു. ഉള്ളൂരിന്റെ കവിതകളിലെ അതിവിസ്തരമാണ് വിമർശകരുടെ രൂക്ഷമായ ആക്ഷേപത്തിന്നു പാത്രമായ മറ്റൊരു ഘടകം. എന്നാൽ, തനിക്കു പറയാനുള്ളത് പ്രാധാന്യമുള്ള ഏതെങ്കിലുമാണെങ്കിൽ, അതിന്നു വേണ്ടി ഏതാനും വാക്കുകൾ കൂടുതൽ ചെലവഴിക്കുന്നത്



ഒരു പാതകമല്ലെന്ന് ഉള്ളൂർ ദൃഢമായി വിശ്വസിച്ചിരുന്നു. പല്ലവനം പോലെത്തന്നെ പരിഹരണീയമാവാം അനാവശ്യമായ സംക്ഷേപണം. പർണ്ണാസിയൻ കവികളേപ്പോലെ വിശദാംശങ്ങൾക്കും ആ വിശദാംശങ്ങളെ ഏതിന്നു കീഴ്പ്പെടുത്തിയോ ആ രൂപാഭികല്പനകൾക്കും അദ്ദേഹം പലപ്പോഴും പ്രാധാന്യം നല്കി. ഉള്ളൂർ എഴുതിയിരുന്ന കാലങ്ങളിൽ ജനജീവിതം ഇന്നത്തെപ്പോലെ ബഹുകാര്യ വ്യഗ്രമായിരുന്നില്ല. രാജവാഴ്ചക്കു കീഴിൽ പ്രജകളും ബ്രിട്ടീഷ് വാഴ്ചക്കു കീഴിൽ രാജാക്കന്മാരും നയിച്ചിരുന്ന സംഭവരഹിതമായ ജീവിതം അലസതയുടേതും വിശ്രമത്തിന്റേതുമായിരുന്നു. ഒരു കവിത വായിച്ചു രസിക്കാൻ ഏതാനും മണിക്കൂറുകളും ഒരു ഖണ്ഡകാവ്യം വായിച്ചു പഠിക്കാൻ ഏതാനും ദിവസങ്ങളും ചെലവഴിക്കുന്നതിൽ അന്നു മിക്കവർക്കും വലിയ വിരോധം തോന്നിയിരുന്നില്ല. മാസങ്ങളോളം അധ്വാനിച്ച് ഉമാകേരളം മുഴുവൻ ഹൃദിസ്ഥമാക്കിയിരുന്ന സഹൃദയരും അന്നു കുറവല്ലായിരുന്നു.

## പല മാനദണ്ഡങ്ങൾ

"താൻ വായിച്ച കാവ്യനാടകാദികളും സാഹിത്യമീമാംസകളും അങ്ങേ അററത്തെ ചട്ടവട്ടങ്ങളായെണ്ണി, അവയൊപ്പിച്ചു പണി തീർത്താൽ എന്തും നന്നായിക്കൊള്ളുമെന്ന ഒരു വിശ്വാസം അദ്ദേഹത്തിന്നുണ്ട്" എന്ന് ഉള്ളൂർ അധിക്ഷേപിക്കപ്പെട്ടിട്ടുണ്ട്. ഉള്ളൂർ ഒരു പാടു വായിച്ചിരുന്നു; ഇംഗ്ലീഷിലും സംസ്കൃതത്തിലും മലയാളത്തിലും തമിഴിലും. ഷെല്ലിയുടെയും കീററ്സിന്റേയും ഭാവഗാനങ്ങളോ, കാളിദാസന്റെയും ഭാസന്റെയും നാടകങ്ങളോ അദ്ദേഹം വായിച്ചില്ലെന്നോ മനസ്സിലാക്കിയില്ലെന്നോ വല്ലവരും പറയുമോ? താൻ വായിച്ച കാവ്യനാടകാദികളിലും സാഹിത്യമീമാംസകളിലും നിന്ന്, മാതൃകകളെസ്സംബന്ധിച്ചിടത്തോളം, സ്വന്തം വിവേചനശക്തിയനുസരിച്ച്, ചില തിരഞ്ഞെടുപ്പുകൾ അദ്ദേഹം നടത്തിയിരുന്നു എന്നതാണ് വാസ്തവം. "അംബ" എന്ന നാടകത്തിന്റെ രചനയിൽ ഇബ്സനെയല്ല, ഷേക്സ്പിയറെയാണ് താൻ മാതൃകയാക്കിയിട്ടുള്ളതെന്ന് അദ്ദേഹം പ്രസ്താവിച്ചിട്ടുണ്ട്. വിവേചനത്തിന്ന് അദ്ദേഹമുപയോഗിച്ച മാനദണ്ഡങ്ങളെപ്പററി അഭിപ്രായവ്യത്യാസമുണ്ടാവാം. സാഹിത്യം എല്ലാ കാലത്തും ഒരേ മാനദണ്ഡങ്ങളനുസരിച്ചല്ല രചിക്കപ്പെടുന്നതും ആസ്വദിക്കപ്പെടുന്നതും. ഒരേ കാലഘട്ടത്തിൽത്തന്നെ പല മാനദണ്ഡങ്ങൾ സഹവർത്തിക്കുകയും ചെയ്യും. പ്രതിവ്യക്തിഭിന്നമാണ് രുചി. ഒരു എഴുത്തുകാരൻ എണ്ണത്തിലോ ഗുണത്തിലോ ഗണ്യമായ സംഭാവന ചെയ്തു കഴിഞ്ഞാൽപ്പിന്നെ, അദ്ദേഹം അംഗീകരിച്ച മാനദണ്ഡങ്ങളിൽ നിന്ന് വ്യത്യസ്തങ്ങളായ ചില മാനദണ്ഡങ്ങളുപയോഗിച്ച് അദ്ദേഹത്തിന്റെ കൃതികളെ വിലയിരുത്താൻ ശ്രമിക്കുന്നത് പ്രയോജനകരമായ വിമർശനമല്ല. മാങ്ങ കായ്ക്കാത്തതിന്ന് പ്ലാവിനോട് കലഹിച്ചിട്ട് എന്തു ഫലം? ഉള്ളൂർ

ക്കവിതയെ വിലയിരുത്തേണ്ടതു് ഉള്ളൂർക്കവിതയിൽ നിന്നു് ഉരുത്തിരിഞ്ഞ മാനദണ്ഡങ്ങൾ ഉപയോഗിച്ചായിരിക്കണം. ആ മാനദണ്ഡങ്ങളുടെ സാധുത്വം പരിശോധിക്കേണ്ടതില്ലെന്നു് ഇപ്പറഞ്ഞതിനർത്ഥമില്ല.

സംഗീതം പോലെ കേവലമായ ആനന്ദം ഒരുകാലത്തും സാഹിത്യകലയുടെ ലക്ഷ്യമായിരുന്നിട്ടില്ല. തലമുറയിൽ നിന്നു് തലമുറയിലേയ്ക്കു് സഞ്ചിതമായ സാമൂഹ്യസംസ്കാരം പകരുന്നതിനുള്ള ഏററവുമധികം കാര്യക്ഷമമായ ഉപകരണം എന്നും സാഹിത്യമായിരുന്നു. വിജ്ഞാനവിതരണ മാദ്ധ്യമമെന്ന നിലയിൽ ഉള്ളൂർക്കവിതയ്ക്കുള്ള പ്രാധാന്യം ആക്കും അനിഷേധ്യമത്രേ. മഹാഭാരതം മുഴുവൻ ഹൃദിസ്ഥമാക്കുകയും ഭാരതീയ സംസ്കാരത്തിൽ ''ആകണ്ഠം, ആനാസം, ആശിരസ്സം'' മുഴുകുകയും ചെയ്യപ്പോഴും ഉള്ളൂർ മററു പലരേയും പോലെ യാഥാസ്ഥിതികങ്ങളായ അഭിപ്രായങ്ങളല്ല സാമൂഹ്യ-സാമ്പത്തിക-രാഷ്ട്രീയ മണ്ഡലങ്ങളിൽ പുലർത്തിയിരുന്നതു്. മതവിശ്വാസങ്ങളിൽ അദ്ദേഹം ഒരു തിയോസഫിസ്റ്റായിരുന്നു എന്നു് നാം ഓർമ്മിക്കാറില്ല. തിയോസഫിയുടെ സന്ദേശമായ സർവ്വമാനവ സൗഭ്രാത്രത്തിൽ അദ്ദേഹം ദൃഢമായി വിശ്വസിച്ചിരുന്നു. ക്ഷേത്രപ്രവേശനം തിരുവിതാംകൂറിൽ നടപ്പിൽ വരുത്തുന്നതിൽ അദ്ദേഹം വഹിച്ച നിർണ്ണായകമായ പങ്കിനെപ്പററിയും നാം മിക്കവാറും മറന്നു കഴിഞ്ഞിരിക്കുന്നു. ഈ കാര്യത്തിൽ അദ്ദേഹം എടുത്ത നിസ്സന്ദേഹമായ നിലപാടിന്റെ ഫലമായി തിരുവനന്തപുരത്തെ തമിഴ് ബ്രാഹ്മണസമൂഹം, പിന്നീടു് ഹൈക്കോടതി ജഡ്ജിയായിത്തീർന്ന ഒരു മാന്യന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു് ഉള്ളൂർ പരമേശ്വരയ്യരെ ജാതിഭ്രഷ്ടനാക്കുകപോലുമുണ്ടായി. ഗാന്ധി, ജെ. സി. ബോസ്, ടാഗോർ എന്നീ മൂർത്തിത്രയത്തെ കേന്ദ്രീകരിച്ചതും, ധർമ്മബോധം, ശാസ്ത്രബോധം, സൗന്ദര്യബോധം എന്നിവയിലധിഷ്ഠിതവുമായ ഒരു നവ്യ മതമേ ഭാരതത്തിന്റെ ഉദ്ഗതിയ്ക്കു പ്രയോജകീഭവിയ്ക്കു എന്നു് അദ്ദേഹം തുറന്നു പ്രഖ്യാപിച്ചിട്ടുണ്ടു്. താഴെ ചേർക്കുന്ന വരികളിൽ, അദ്ദേഹം ''ഒരു ജാതി, ഒരു മതം, ഒരു ദൈവം'' എന്ന മുദ്രാവാക്യത്തിൽ ''ഒരു രാഷ്ട്രം'' എന്നു കൂടി കൂട്ടിച്ചേർത്തു:

ഒരു മതം മതി യിനി, പ്പരസ്നേഹം,
ഒരു വർഗ്ഗം മതി, മനുഷ്യസഞ്ചയം,
ഒരു രാഷ്ട്രം മതി, ധരാതലം നമു-
ക്കൊരു ദൈവം മതി, ഹൃദിസ്ഥിതം ദീപം.

### കവിത്രയം

സമകാലികരും സമശീർഷരുമായിരുന്ന ആശാനെയും വള്ളത്തോളിനേയും പോലെ, കേരളീയ സമുദായത്തിന്റെ ആധുനികീകരണപ്രക്രിയയ്ക്കു വേണ്ടി ഉള്ളൂർ തീവ്രമായി വാദിച്ചു. ആധുനികീകരണത്തെപ്പററി ഈ മൂന്നു പേരുടേയും അടിസ്ഥാന ധാരണകളും ഏകരൂപങ്ങൾ



തന്നെയായിരുന്നു. ഭാരതീയ പാരമ്പര്യത്തിന്റെ അരോഗമായ തായ്ത്തടിയിൽ പാശ്ചാത്യസഭ്യതയുടെ സ്വീകാര്യാംശങ്ങൾ—രാഷ്ട്രീയ ജനാധിപത്യവും യാന്ത്രിക വ്യവസായോൽപാദനവും—ഒട്ടിച്ചു ചേർക്കുക തന്നെയായിരുന്നു അവരെസ്സംബന്ധിച്ചിടത്തോളം ആധുനികീകരണം. ഇസ്ലാമിനെ ആശ്ലേഷിച്ച ശേഷം ഇൻഡോനേഷ്യയിലോ ക്രിസ്തു മതത്തിന്റെ ആഗമനത്തെത്തുടർന്നു് ലാററിൻ അമേരിക്കയിലോ സംഭവിച്ചതു പോലെ, പാരമ്പര്യവുമായുള്ള ഒരു സമ്പൂർണ്ണ ബന്ധവിച്ഛേദമായി ഇന്ത്യയുടെ ആധുനികീകരണത്തെ നമ്മുടെ മൂന്നു മഹാകവികളും സങ്കല്പിക്കുകയുണ്ടായില്ല. മൂന്നു പേരും ഭാരതീയ തത്വചിന്തയ്ക്കു് ആധുനികീകൃത ഭാരതത്തിലുള്ള പ്രസക്തിയെപ്പററി അണു മാത്രം സംശയാലുക്കളായിരുന്നില്ല. തത്വചിന്തയോടൊപ്പം സ്മൃത്യുദ്ഘോഷിതങ്ങളായ ആചാരധർമ്മങ്ങളിൽ വലിയൊരു ഭാഗം കൂടി ആധുനിക ഭാരതത്തിൽ പ്രസക്തങ്ങളാണെന്നു് ഉള്ളൂർ വിശ്വസിച്ചു. വള്ളത്തോളിനെസ്സംബന്ധിച്ചിടത്തോളം ഗാന്ധിജിയുടെ രാഷ്ട്രീയാദർശങ്ങൾ കൂടുതൽ പ്രധാനങ്ങളായിരുന്നു. ഇങ്ങിനെ ഊന്നലിൽ വ്യത്യാസമുണ്ടായിരുന്നെങ്കിലും, ആശാന്റെയോ ഉള്ളൂരിന്റെയോ വള്ളത്തോളിന്റെയോ സാമൂഹ്യവീക്ഷണങ്ങളിൽ മൗലികമായ അന്തരമില്ല; അവ പരസ്പര പൂരകങ്ങളായി വർത്തിക്കുന്നതേയുള്ളു.

സാമൂഹ്യസംസ്കാരത്തിന്റെയെന്നപോലെ ഭാഷാ സംസ്കാരത്തിന്റെയും വാഹകമാണ് സാഹിത്യം. പലപ്പോഴും വിസ്മരിക്കപ്പെടുന്നതിനാൽ ഇക്കാര്യം ഊന്നിത്തന്നെ പറയേണ്ടിയിരിക്കുന്നു. ''ആയുധം ഉണ്ടാക്കുന്ന മൃഗ''മാണ് മനുഷ്യനെങ്കിൽ, മനുഷ്യൻ ഉണ്ടാക്കിയ ആയുധങ്ങളിൽ ഏററവുമധികം സങ്കീർണ്ണവും ഏററവുമധികം ഉപയോഗങ്ങൾ നിർവ്വഹിക്കുന്നതുമായ ആയുധം ഭാഷയാകുന്നു. നാം ഇന്നു് അറിയുന്ന ഓരോ ഭാഷയും സഹസ്രാബ്ദങ്ങളിലൂടെ, തലമുറകളുടെ നിരന്തരവും നിസ്തന്ദ്രവുമായ അദ്ധ്വാനത്തിലൂടെ, വളർന്നാണ് അതിന്റെ ഇന്നത്തെ രൂപം കൈക്കൊണ്ടതു്. ആശയസംക്രമണത്തിന്നു മാത്രമല്ല വികാരോദ്ബോധനത്തിന്നും, അതിലുപരി ആത്മാവിന്റെ ഏതോ നിഗൂഢതകളിൽ സ്പർശിച്ചു് സംവിദവിശ്രാന്തിരൂപവും ജീവിതത്തിന്റെ പാരമ്യന്തിക സാഫല്യവുമായ നിർവൃതി അനുഭവിപ്പിക്കുന്നതിനും ഉള്ള ഏററവും കരുത്തുററ ഉപകരണം മാതൃഭാഷയല്ലാതെ മററെന്താണ്? കർമ്മേന്ദ്രിയമെന്ന നിലയിൽ എന്റെ വലംകൈയിനോടു് എനിയ്ക്കുള്ള സ്നേഹം ഭ്രാന്താകുമെങ്കിൽ മാത്രമേ എന്റെ മാതൃഭാഷാസ്നേഹവും ഭ്രാന്താകയുള്ളു.

### രാജഗോപുരം

ഓരോ ജനതയ്ക്കുമെന്നപോലെ ഓരോ ഭാഷയ്ക്കും അതാതിന്റേതായ ഒരു സവിശേഷ സംസ്കാരമുണ്ടു്. മലയാള ഭാഷയുടെ സവിശേഷ സംസ്കാരം, അതിന്റെ എല്ലാ വിശാലതകളോടും ശക്തികളോടും കൂടി

ഉള്ളൂരിന്റെ കൃതികളിൽ പ്രതിഫലിച്ചു കാണുന്നു. പദമാണ് ഭാഷയുടെ സമ്പത്തെങ്കിൽ ഉള്ളൂരിന്റെയത്ര വിപുലമായൊരു പദസഞ്ചയം മലയാളത്തിൽ, ഒരുപക്ഷെ കുഞ്ചൻനമ്പ്യാരുടെയൊഴികെ, മററ് ആരുടെ കൃതികളിലാണ് കാണാൻ കഴിയുക? പദങ്ങളെ പാരദർശകങ്ങളെന്നും (transparent) അപാരദർശകങ്ങളെന്നും (opaque) ഭാഷാശാസ്ത്രജ്ഞന്മാർ വിഭജിച്ചിട്ടുണ്ട്. സംസ്കൃത–ദ്രാവിഡ ഭാഷകളിലെ പദങ്ങൾ സാകലേന ധാതുജങ്ങളാകയാൽ പാരദർശകങ്ങളാണ്. നിഷ്പത്തി മനസ്സിലാക്കിയാൽ അവയുടെ അർത്ഥം സ്വയം മനസ്സിലാവും. ഇത്തരം ശബ്ദങ്ങളിൽ അർത്ഥാധാനമല്ല അർത്ഥനിയമനമാണ് കോശാദികളുടെ കൃത്യം. നിയതമായ അർത്ഥത്തിൽ, എന്നാൽ വ്യുൽപത്തിജന്യമായ അർത്ഥവ്യാപ്തിയും തൽഫലമായ ധ്വനനഭംഗികളും വിടാതെ, ശബ്ദങ്ങൾ പ്രയോഗിക്കാൻ പണ്ഡിതന്മാരും പ്രതിഭാശാലികളുമായ കവികൾക്കേ കഴിയൂ. അവരുടെ കൃതികൾ സനിഷ്കർഷം പഠിക്കുന്നതു് വഴി ഭാഷാ സംസ്കാരത്തിന്റെ ഉള്ളിന്നുള്ളിലേക്ക് നമുക്കു പ്രവേശം ലഭിക്കുന്നു. ഈ അർത്ഥത്തിൽ, മലയാള ഭാഷയുടെ സംസ്കാരത്തിലേക്കുള്ള രാജഗോപുരമത്രേ ഉള്ളൂർസ്സാഹിത്യം. മലയാള പാണ്ഡിത്യത്തിന്ന് അനുപേക്ഷണീയമായ ഒരു തയ്യാറെടുപ്പാണ് ഉള്ളൂർസ്സാഹിത്യത്തിന്റെ നിഷ്കൃഷ്ടപാനം.

കവിയെന്ന നിലയിൽ ഉള്ളൂരിനോട് നാം വേണ്ടത്ര നീതി കാണിച്ചിട്ടില്ലെങ്കിൽ അതിന്ന് ഒരു കാരണം ഗവേഷകൻ എന്ന നിലയിൽ അദ്ദേഹം കൈവരിച്ച സിദ്ധികളുടെ മഹനീയതയാവാം. കവിതാരംഗത്തിൽ ഉള്ളൂരിന്റെ സമസ്കന്ധരോ, ഉള്ളൂരിനേക്കാൾ വിശിഷ്ടരോ മലയാളത്തിൽ വേറെയുമുണ്ടാവാം. സഹൃദയന്റെ രുചിയ്ക്കാണ്, ഇക്കാര്യത്തിൽ, അവസാന വിധി കല്പിക്കുന്നതിന്നുള്ള അചോദ്യമായ അധികാരം. എന്നാൽ ഭാഷാ–സാഹിത്യ ഗവേഷകനെന്ന നിലയിൽ ഉള്ളൂരിനെ അതിശയിക്കാനെന്നല്ല സമീപിക്കാൻ പോലും വളരെ ചുരുക്കം പേർക്കേ കേരളത്തിൽ കഴിഞ്ഞിട്ടുള്ളു. ഭാഷാഗവേഷണ വിഷയത്തിൽ ഡോ: ഗുണ്ടർട്ട്, രാജരാജവർമ്മ, രാമസ്വാമി അയ്യർ എന്നിവരുടേതോളം തന്നെ സമുന്നതമാണ് ഉള്ളൂരിന്റെ പീഠവും. സാഹിത്യഗവേഷകന്മാരിലാകട്ടെ, അദ്ദേഹത്തിന്റെ പേരിന്റെ അടുത്തു പറയാൻ ഒരു പേർ ഇനി ഉണ്ടാവേണ്ടിയിരിക്കുന്നു.

**അധ്വാനം**

അധ്വാനമാണ്—പലപ്പോഴും കായികമായ അധ്വാനം പോലുമാണ്—ഉള്ളൂരിന്റെ സാഹിത്യഗവേഷണത്തിന്നടിയിലുള്ളതു്. ഒരു ഗ്രന്ഥം വായിക്കാൻ വേണ്ടി എത്ര ദൂരം നടക്കാനും എത്ര സമയം ഉറക്കമിളയ്ക്കാനും, മങ്ങിയ എണ്ണവിളക്കിൻ മുമ്പിൽ, ഇടുങ്ങിയ മുറികളിൽ, എത്ര നേരം കുത്തിയിരിക്കാനും ഉള്ളൂരിന്നു മടിയുണ്ടായിരുന്നില്ല. ഗ്രന്ഥപ്പുരകളുടെ ക്യാററലോഗുകളിൽ ഉദ്ധരിച്ചു കാണാറുള്ള പുഷ്പികകൾ



(ആദ്യന്തഭാഗങ്ങൾ) ആണ് പല ഗവേഷകരുടേയും പാണ്ഡിത്യത്തിന്ന് ആധാരം. അപൂർവ്വം ചിലർ, സൗകര്യപ്പെട്ടാൽ, ഗ്രന്ഥം തുറന്ന് ആദ്യന്തഭാഗങ്ങൾ സ്വയം വായിച്ചു നോക്കിയെന്നു വരും. ഇത്തരം ഗവേഷകരിൽ നിന്നു തികച്ചും വ്യത്യസ്തനാണ് ഉള്ളൂർ. അദ്ദേഹം ഗ്രന്ഥം മുഴുക്കെ വായിക്കും; വിശദമായി കുറിപ്പുകളെടുക്കും; അസാധാരണമായ ധാരണാശക്തിയുള്ള തന്റെ മേധയിൽ ഈ വിവരങ്ങളെല്ലാം, ഒരു കമ്പ്യൂട്ടറിലെന്നപോലെ, എപ്പോഴും കൊണ്ടുനടക്കുകയും ചെയ്യും.

**കേരള സാഹിത്യചരിത്രം**

ഈ ഗവേഷണ തപസ്യയുടെ പരിണതഫലമാണ് കേരള സാഹിത്യചരിത്രം. 1914_ൽ അദ്ദേഹം ഈ ഗ്രന്ഥം രചിക്കുന്നതിന്നുള്ള പരിശ്രമം ആരംഭിച്ചുവത്രേ. മുപ്പത്തഞ്ചു കൊല്ലം കഴിഞ്ഞു്, 1949_ൽ മരണത്തിന്നു മൂന്നു ദിവസം മുമ്പ് ഇതിന്റെ രചന അദ്ദേഹം പൂർത്തിയാക്കി. രണ്ടാമതൊന്നു വായിച്ചു നോക്കാൻ അദ്ദേഹത്തിന്ന് അവസരം ഉണ്ടായില്ല. ആധാരഗ്രന്ഥങ്ങളുടെ പട്ടിക ചേർക്കാനും കഴിഞ്ഞില്ല. ഇതു നിമിത്തം, അദ്ദേഹം പറഞ്ഞ വിവരങ്ങളിൽ സംശയം തോന്നുന്നവർക്ക് അവയുടെ സത്യാപനത്തിന്നു പ്രയാസം നേരിടുന്നുണ്ട്. തന്റെ സമകാലികരായിരുന്ന എഴുത്തുകാരെപ്പററി ഉള്ളൂർ കേരള സാഹിത്യചരിത്രത്തിൽ പ്രസ്താവിക്കുന്നില്ല. ഇതു നിമിത്തം വള്ളത്തോൾ പോലെ പലരേയും സംബന്ധിച്ച വിവരങ്ങൾ കേരള സാഹിത്യചരിത്രത്തിൽ നിന്നു ലഭ്യങ്ങളല്ല. ഗുണത്തെ ശിരസാ ശ്ലാഘിക്കുക, ദോഷത്തെ കണ്ഠത്തിൽ നിയമിക്കുക (വാക്കുകൊണ്ടു് ഉൽഘാടനം ചെയ്യാതിരിക്കുക) എന്നതു് ഉള്ളൂർ മിക്കവാറും ഒരു വ്രതമാക്കിയിരുന്നതിനാൽ, വിമൃശ്യ ഗ്രന്ഥങ്ങ

## സാഹിത്യചക്രവാളം

കേരള സാഹിത്യഅക്കാദമിയുടെ ഈ പ്രതിമാസ പ്രസിദ്ധീകരണം 1977 ഒക്ടോബർ ലക്കത്തോടു കൂടി രണ്ടാം വയസ്സിലേക്ക് പ്രവേശിക്കുന്നു.

അക്കാദമിയുടെ പ്രവർത്തനങ്ങളിലേയ്ക്കും ഇന്ത്യയിലേയും വിദേശങ്ങളിലേയും സാഹിത്യ–സാംസ്കാരിക രംഗങ്ങളിലെ മുഖ്യ വികാസങ്ങളിലേക്കും വെളിച്ചം വീശുന്ന ഡൈജസ്റ്റ് രൂപത്തിലുള്ള ''ചക്രവാള''ത്തിലെ ഉള്ളടക്കം, വളർന്നു വരുന്ന എഴുത്തുകാർക്കും കലാ–സാഹിത്യവിദ്യാർത്ഥികൾക്കും ഉൽബുദ്ധരായ വായനക്കാർക്കും ഒരുപോലെ പ്രയോജനപ്രദമായിരിക്കുമെന്ന് ഇതിനകം തന്നെ തെളിവായിക്കഴിഞ്ഞിട്ടുണ്ട്.

ഒററ പ്രതി വില: 50പ. വാർഷികവരിസംഖ്യ തപാൽക്കൂലിയടക്കം: 5ക.

എം. ഒ. അയക്കേണ്ട വിലാസം:

സെക്രട്ടറി, കേരള സാഹിത്യഅക്കാദമി
ടൌൺഹാൾ റോഡ്, തൃശ്ശൂർ—680001

ളുടെ ദോഷങ്ങൾ കണ്ടുപിടിക്കുവാനും വായനക്കാരനെ കേരള സാഹിത്യ ചരിത്രം സഹായിക്കുന്നില്ല.

കേരളീയ സാഹിത്യചരിത്രത്തിലെ അറുപത്തിനാലു് അധ്യായങ്ങളിൽ പത്തു് അധ്യായങ്ങൾ കേരളീയർ രചിച്ച സംസ്കൃതകൃതികളെക്കുറിച്ചാണു്. പിന്നീടു് ഡോക്ടർ കഞ്ചുണ്ണി രാജാ ഇംഗ്ലീഷിലും വടക്കുംകൂർ രാജരാജവർമ്മ മലയാളത്തിലും കേരളീയ സംസ്കൃത സാഹിത്യ ചരിത്രങ്ങൾ രചിച്ചിട്ടുണ്ടെങ്കിലും, അവക്കും വളരെ വലിയ ഒരളവോളം ആധാരമായി വർത്തിച്ചതു് ഈ വിഷയത്തിൽ ഉള്ളൂരിന്റെ ഗവേഷണങ്ങൾ തന്നെയായിരുന്നു. ഗ്രന്ഥങ്ങളെ മാത്രമല്ല, ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്താത്ത വാങ്മയ പാരമ്പര്യങ്ങളെയും ഉള്ളൂർ കേരള സാഹിത്യ ചരിത്രരചനയിൽ ധാരാളമായി ഉപയോഗപ്പെടുത്തിയിട്ടുണ്ടു്. കേരളീയ സംസ്കൃത സാഹിത്യചരിത്രരചനയിൽ എക്കാലത്തേയും മാർഗ്ഗദർശകൻ ഉള്ളൂർ തന്നെ

സംസ്കൃതത്തിലെന്നപോലെ തമിഴിലും കേരളീയർ ഒട്ടധികം കൃതികൾ രചിച്ചിട്ടുണ്ടല്ലോ. പ്രശസ്തനായ ഇളങ്കോവടികളേക്കാൾ എത്രയോ നൂററാണ്ടുകൾക്കു മുമ്പു് ആരംഭിച്ച ഈ പാരമ്പര്യം ശ്രീനാരായണ ഗുരുവിന്റെ ''തേവാരം'' വരെ അഭംഗുരമായി നിലനിന്നുപോന്നു. തമിഴിൽ രചന നടത്തിയ ഈ കേരളീയ കവികളെപ്പററി ഉള്ളൂർ ''കേരളവും ചെന്തമിഴ് സാഹിത്യവും'' എന്ന അഞ്ചാമധ്യായത്തിൽ സംക്ഷേപിച്ചു പ്രതിപാദിക്കുന്നുണ്ടു്. എങ്കിലും കേരളീയ കവികളുടെ തമിഴ് രചനകളെപ്പററി ഒരു വിസ്തൃത പഠനം അദ്ദേഹം നടത്തുകയുണ്ടായില്ലെന്നതു് ഖേദകരമാണു്. തമിഴിൽ ഇത്രയേറെ പാണ്ഡിത്യവും ഗ്രന്ഥപരിചയവും ഗവേഷണ സൗകര്യവുമുള്ള മറെറാരു മലയാളിയെ ഇനി ഇതിന്നായി എന്നു് കിട്ടുമെന്നറിഞ്ഞു കൂട.

ഒരു ഗ്രന്ഥത്തെ വിലമതിക്കുന്നതു് അതിലില്ലാത്തതിനെ അടിസ്ഥാനമാക്കിയാവരുതു് എന്നതു വിസ്മരിച്ചല്ല/ഈ വസ്തുത ഇവിടെ എടുത്തു പറഞ്ഞതു്; കേരളീയ സാഹിത്യത്തിൽ കേരളീയരുടെ സംസ്കൃതരചനകൾ പോലെ തമിഴ് രചനകളും പെടുമെന്നും പെടുത്തണമെന്നും ഒന്നുകൂടി ഉറപ്പിച്ചു പറയാൻ വേണ്ടി മാത്രമാണു്.

## ഏററവും വലിയ പ്രശംസ

സ്വന്തം കൃതികൾ എഴുതുന്നതിന്നു് സർക്കാരിന്റെ കടലാസോ മഷി പോലുമോ ഉള്ളൂർ ഉപയോഗപ്പെടുത്താറില്ലായിരുന്നു എന്നു് അദ്ദേഹത്തിന്റെ പുത്രൻ പ്രസ്താവിച്ചിട്ടുണ്ടു്. എന്നാൽ സർക്കാരുദ്യോഗസ്ഥനെന്ന നിലയിലും, കവി എന്ന നിലയിലും, മാത്രമല്ല, ബ്രാഹ്മണൻ എന്ന നിലയിൽക്കൂടി തനിക്കു് ലഭിച്ചുമായിരുന്ന എല്ലാ സൗകര്യങ്ങളും ശങ്ക കൂടാതെ ഉള്ളൂർ ഗവേഷണത്തിന്നു് വേണ്ടി ഉപയോഗിക്കുകയു





ണ്ടായി. തിരുവിതാംകൂർ സർക്കാരിന്റെ പ്രാചീന രേഖകൾ സംരക്ഷിക്കാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ, മലയാളഗ്രന്ഥപ്രകാശകൻ, കൊച്ചി ഭാഷാ പരിഷ്ക്കരണക്കമ്മിററിയിലെ അംഗം, സർവ്വകലാശാലകളിലെ പല ഔദ്യോഗിക സംഘടനകളിലും അംഗം മുതലായ പദവികൾ ഉപയോഗിച്ചാണു് പലപ്പോഴും അദ്ദേഹം ഗ്രന്ഥങ്ങളും രേഖകളും തേടിപ്പിടിച്ചതു്. പലപ്പോൾ മററുള്ളവക്കു മുമ്പിൽ തുറക്കാത്ത ഗ്രന്ഥപ്പുരകളുടെ പൂട്ടുകൾ ബ്രാഹ്മണ്യം ഉപയോഗിച്ചു് അദ്ദേഹം തുറന്നു. ഇതിന്റെയൊക്കെ പ്രയോജനം കേരള സാഹിത്യ ചരിത്രത്തിലൂടെ നാം അനുഭവിക്കുന്നു. മേലിൽ, മലയാള ഭാഷയോ സാഹിത്യമോ സംബന്ധിച്ച ഏതു പഠനവും ''കേരള സാഹിത്യ ചരിത്ര''ത്തിൽ നിന്നു് ആരംഭിച്ചേ മതിയാവൂ. ആ ഗ്രന്ഥത്തിന്നു് നൽകാവുന്ന ഏററവും വലിയ പ്രശംസയാണിതു്; ആ ഗ്രന്ഥത്തിന്നു മാത്രമല്ല, ഏതു ഗ്രന്ഥത്തിന്നും ഇതിൽക്കവിഞ്ഞ പ്രശംസ ഉണ്ടാകാനില്ല.

ദരിദ്രനെങ്കിലും, തന്റെ കാലത്തുള്ള ഔപചാരിക വിദ്യാഭ്യാസത്തിന്റെ ഉത്തുംഗമേഖലകളിലെത്തുവാൻ ഉള്ളൂരിന്നു കഴിഞ്ഞു. ഈ സംഗതിയിൽ ആശാൻ, വള്ളത്തോൾ എന്നിവരിൽ നിന്നു് അദ്ദേഹം തികച്ചും വ്യത്യസ്തനായിരുന്നു. ഈ വിദ്യാഭ്യാസം ഉപയോഗപ്പെടുത്തി അദ്ദേഹത്തിന്നു് പ്രസിദ്ധനായ ഒരഭിഭാഷകനോ പ്രശസ്തനായ ഒരു പത്രാധിപരോ ആകാമായിരുന്നു. കൂടുതൽക്കൂടുതൽ ഔന്നത്യങ്ങളിലേയ്ക്കു നയിക്കുമായിരുന്ന ഈ ജീവികകളുടെ ആഹ്വാനം അദ്ദേഹം തിരസ്കരിക്കുകയാണുണ്ടായതു്. ബന്ധുബലമോ, ബാഹ്യാനുകൂല്യങ്ങളോ ഇല്ലാതിരുന്നിട്ടും അദ്ദേഹം സർക്കാരുദ്യോഗത്തിൽ ഉയന്നു് മുകൾത്തട്ടിനു താഴെവരെയെത്തി. എന്നാൽ ഈ ഉയർച്ചയിലും അദ്ദേഹത്തിന്നു് സാധാരണയിൽക്കവിഞ്ഞ താൽപര്യം ഉണ്ടായിരുന്നതായി തോന്നുന്നില്ല. അദ്ദേഹത്തിന്റെ സർവ്വംകഷമായ താൽപര്യം മലയാളഭാഷാ സേവനത്തിലായിരുന്നു. ഒരു വ്രതമെന്നതിലുപരി ഒരു ഭ്രാന്തുവരെയായിരുന്നു ഭാഷാസേവനം അദ്ദേഹത്തിന്നു്. സ്വയം രചിക്കുന്നതിലെന്ന പോലെ തന്നെ അദ്ദേഹം അന്യരുടെ രചനകളെ പ്രോത്സാഹിപ്പിക്കുന്നതിലും സദാ തല്പരനായിരുന്നു തലോടാനല്ലാതെ തല്ലാൻ ഒരിക്കലും ഉള്ളൂരിന്റെ കൈ ഉയന്നില്ല. ഏതെങ്കിലുമൊരു പത്രത്തിൽ ഒന്നോ രണ്ടോ പൊട്ടക്കവിതകൾ പ്രസിദ്ധീകരിച്ചിരുന്നവരെപ്പോലും അദ്ദേഹം തിരിച്ചറിയുകയും, നല്ല വാക്കുകൾ പറഞ്ഞു് ഉത്തേജിപ്പിക്കുകയും ചെയ്തു. ഗദ്യത്തിലും പദ്യത്തിലുമായി വിപുലമായ ഒരു ഗ്രന്ഥസഞ്ചയം അദ്ദേഹം നിർമ്മിച്ചു. മലയാള ഭാഷയും സാഹിത്യവും ഗൗരവമായി പഠിക്കുന്നവക്കു് വിലമതിക്കാനാവാത്ത ഒരു നിധിയത്രേ ഈ ഗ്രന്ഥസഞ്ചയം. അവ സമഗ്രമായി ശേഖരിച്ചു് ഭംഗിയായി മുദ്രണം ചെയ്തു് ചുരുങ്ങിയ വിലക്കു ലഭ്യമാക്കാനുള്ള സംഘടിത പ്രയത്നം അദ്ദേഹത്തിന്റെ ജന്മശതാബ്ദി ആഘോഷിക്കുന്ന ഈ വർഷത്തിൽ നടന്നു കാണാനാഗ്രഹിക്കുന്നു. ഏററവും വലിയ ഉള്ളൂർ സ്മാരകം അദ്ദേഹത്തിന്റെ ഈ ഗ്രന്ഥസഞ്ചയമത്രേ.

(1977 മെയ് 7-ാംനു- കോഴിക്കോട്ടു സർവ്വകലാശാലയിൽ ചെയ്ത പ്രസംഗം.) □